**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5148** **04-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് ടു അഡ്മിഷന് വെയിറ്റേജ് മാർക്ക് ലഭിക്കാത്ത സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ടെക്നിക്കൽ ഹൈസ്കൂളിൽ നിന്ന് പത്താം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികളെ പ്ലസ് ടു അഡ്മിഷന് പരിഗണിക്കുമ്പോൾ മറ്റ് പൊതു വിദ്യാലയങ്ങളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വെയിറ്റേജ് മാർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കന്ററിയിൽ നിലവിൽ കേരള സിലബസിൽ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച കുട്ടികൾക്ക് മാത്രമാണ് മൂന്ന് ബോണസ് പോയിന്റ് നൽകി വരുന്നത്. ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും പ്രകാരം വീടിനു സമീപത്തുള്ള ജനറൽ വിദ്യാലയ ങ്ങളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അതിന്റെ തുടർച്ചയായി അതേ സ്കൂളിലും അതേ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഉപരിപഠനം സാധ്യമാകുന്നതിനായി വിവിധ പരാതികളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് വിവിധ ബോണസ് പോയിന്റുകൾ നൽകി വരുന്നത്.<br><br>2024-25 ലെ പ്രോസ്പെക്ടസ് പ്രകാരം അർഹമായ ബോണസ് പോയിന്റ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ടെക്നിക്കൽ ഹൈസ്കൂൾ വിജയിച്ച വിദ്യാർത്ഥികൾക്കും വി.എച്ച്.എസ്.ഇ. പ്രവേശനത്തിന് നൽകി വരുന്നുണ്ട്. |
| (ബി) | ടെക്നിക്കൽ ഹൈസ്കൂളിൽ നിന്നും എല്ലാ വിഷയങ്ങളിലും എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികൾക്കുപോലും മറ്റ് വിദ്യാർത്ഥികളെ അപേക്ഷിച്ച് അഡ്മിഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 2024-25 അധ്യയന വർഷം ടെക്നിക്കൽ സ്കൂളിൽ നിന്നും ഉപരിപഠനത്തിന് അർഹത നേടിയ 1309 വിദ്യാർത്ഥികൾ സംസ്ഥാനത്ത് ജനറൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം ഇതുവരെ നേടിയിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലേയ്ക്കുള്ള പ്രവേശനം അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഏഴാം ക്ലാസ് വരെ പൊതുധാരാ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സാങ്കേതിക വിദ്യാഭ്യാസത്തിനായാണ് ടെക്നിക്കൽ ഹൈസ്കൂളുകളിലേക്ക് പഠന സമ്പ്രദായം മാറി പ്രവേശനം നേടുന്നത്. എഞ്ചിനീയറിംഗിലോ ശാസ്ത്ര സാങ്കേ തിക മേഖലകളിലോ ഉപരിപഠനത്തിന് |

| | | | |
|---|---|---|---|
| | | | ശക്തമായ അടിത്തറ നൽകുന്ന ടെക്നിക്കൽ ഹൈസ്കൂളിലെ വിദ്യാഭ്യാസ പദ്ധതിയിൽ പത്താം ക്ലാസ് കഴിയുന്നവർക്ക് തുടർവിദ്യാഭ്യാസത്തിന് 15 ടെക്നിക്കൽ സ്കൂളുകളിലായി 2530 സീറ്റുകൾ പ്ലസ് വൺ പഠനത്തിന് ലഭ്യമാണ്. കൂടാതെ പോളിടെക്നിക്കുകളിൽ പ്രവേശനത്തിന് ടെക്നിക്കൽ ഹൈസ്കൂൾ പരീക്ഷ ജയിച്ചവർക്ക് 10% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക് നൽകുന്നുമില്ല.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അഡ്മിഷൻ റാങ്ക് പട്ടിക തയ്യാറാക്കുന്നതിന് WGPA കണക്കാക്കുന്നതിന് ഉപയോഗിക്കുന്ന സൂത്രവാക്യം ടെക്നിക്കൽ പാസ്സായ വിദ്യാർത്ഥികൾക്കും മറ്റ് പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഒന്നു തന്നെയാണ്. |

സെക്ഷൻ ഓഫീസർ